സി.ജി (3) 27511/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
**തിരുവനന്തപുരം, തീയതി : 19/8/2013**

**Email : keralarcs.coop@kerala.gov.in**
**Website : www. cooperation. kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 51/2013

**വിഷയം:** സഹകരണ വകുപ്പ് - സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടിള്ളതും, ദീർഘകാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നത്-തീവ്രയത്ന പരിപാടി- ഉണർവ്വ് 2012 കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

**സൂചന:**
1. **സഹകരണ സംഘം രജിസ്ട്രാറുടെ 5.3.2012 തീയതിയിലെ 9/2012-ാം നമ്പർ സർക്കുലർ.**
2. **ഈ ആഫീസിലെ 18.6.12 തീയതിയിലെ ഇതേ നമ്പർ കത്ത്.**
3. **ഈ ആഫീസിലെ 11.9.12 തീയതിയിലെ ഇതേ നമ്പർ കത്ത്.**
4. **ഈ ആഫീസിലെ 20.11.12 തീയതിയിലെ ഇതേ നമ്പർ കത്ത്.**
5. **സഹകരണ സംഘം രജിസ്ട്രാറുടെ 18.1.2013 തീയതിയിലെ 5/2013 നമ്പർ സർക്കുലർ.**
6. **സഹകരണ സംഘം രജിസ്ട്രാറുടെ 22.4.2013 തീയതിയിലെ 26/2013 നമ്പർ സർക്കുലർ.**

.................

സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും, ദീർഘകാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെ 'ഉണർവ്വ് 2012' എന്ന പേരിൽ തീവ്രയത്ന പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തീവ്രയത്ന പരിപാടി രണ്ട് ഘട്ടമായി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും 2012 മാർച്ച് 15 മുതൽ ജൂൺ 15 വരെ ഒന്നാം ഘട്ടവും, തുടർന്ന് 2012 ജൂൺ 16 മുതൽ സെപ്റ്റംബർ 15 വരെ രണ്ടാം ഘട്ടവും സംഘടിപ്പിക്കുന്നതിനും, ഒന്നാം ഘട്ടത്തിൽ വായ്പ സംഘങ്ങൾ/ബാങ്കുകളെയും, രണ്ടാം ഘട്ടത്തിൽ വായ്പേതര സംഘങ്ങളെയും സംബന്ധിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഒന്നാം ഘട്ടം ജൂൺ 15-ന് അവസാനിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടം ത്വരിതപ്പെടുത്തുന്നതിനും, അതോടൊപ്പം ഒന്നാം ഘട്ടം തുടരുന്നതിനും സൂചന (2) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് സൂചന (3) പ്രകാരം **15.11.2012** വരെയും, സൂചന (4) പ്രകാരം 2012 ഡിസംബർ 31 വരെയും, സൂചന (5) പ്രകാരം 2013 ഫെബ്രുവരി 14 വരെയും സൂചന 6 പ്രകാരം 2013 ജൂൺ 30 വരെയും ക്യാമ്പയിൻ ദീർഘിപ്പിക്കുകയുണ്ടായി.

ക്യാമ്പയിൻ സംബന്ധിച്ച് ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ സംഘങ്ങൾ/ബാങ്കുകളുടെ പൊതുയോഗം കൂടി നടപടി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതായും ആയതിന് കൂടുതൽ സാവകാശം ആവശ്യമാണെന്നും കൂടാതെ സഹകാരികളിൽ നിന്നും ഇതു സംബന്ധിച്ച് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും പല സംഘങ്ങൾ/ബാങ്കുകൾക്കും ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നും വിലയിരുത്തുന്നു. കൂടാതെ കേരള സഹകരണ നിയമം വകുപ്പ് 29(1) അനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം കൂടണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വാർഷിക പൊതുയോഗം 30.9.2013 നകം കൂടി പൊതുയോഗ തീരുമാനത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനാവശ്യമായ സാവകാശം വേണമെന്ന സാഹചര്യം കൂടി കണക്കിലെടുത്ത് 2012 മാർച്ച് 15 മുതൽ

സംഘടിപ്പിച്ചു വരുന്ന ഉണർവ്വ് 2012 തീവ്ര യത്ന പരിപാടിയുടെ കാലപരിധി 2013 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. സംഘങ്ങൾ/ബാങ്കുകൾ ഉണർവ്വ് ക്യാമ്പയിൻ സംബന്ധിച്ച നടപടി ക്രമങ്ങൾ 2013 ഡിസംബർ 31-നകം തന്നെ പൂർത്തിയാക്കേണ്ടതാണ്. ജില്ലാ തലത്തിൽ തീർപ്പു കൽപ്പിക്കാൻ കഴിയാത്ത പ്രൊപ്പൊസലുകൾ ജില്ലാ തല കമ്മിറ്റിയുടെ തീരുമാന സഹിതം 2013 ഡിസംബർ 31-നകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. നിഷ്കർഷിച്ചിട്ടുള്ള പ്രൊഫോർമയിൽ ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് തുടർന്നും 15 ദിവസത്തിലൊരിക്കൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട താണ്. 2014 ജനുവരി 10-നകം അന്തിമ പുരോഗതി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലയ്ക്കകത്ത് ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നതും, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ അപ്പക്സ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാത്തരം സഹകരണ സംഘങ്ങൾ/ബാങ്കുകളുടെയും പുരോഗതി റിപ്പോർട്ട് അതാതു ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ക്യാമ്പയിൻ നടപടി ക്രമങ്ങൾ സംബന്ധിച്ച് സൂചന (1) സർക്കുലറിലെ മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ തുടരുന്നതാണ്. സർക്കുലർ നിർദ്ദേശങ്ങൾ എല്ലാ സംഘങ്ങൾ/ബാങ്കുകളുടെയും ശ്രദ്ധയിൽ കൊണ്ടു വന്നു നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ക്യാമ്പയിൻ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

ഒപ്പ്,
കെ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

<u>പകർപ്പ്:-</u>

1) രജിസ്ട്രാർ,
ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ഉപരിപത്രം സഹിതം, എറണാകുളം
2) സെക്രട്ടറി, കേരള നിയമസഭ- ഉപരിപത്രം സഹിതം.
3) ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും.
5) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6) എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8) അഡ്മിനിസ്ട്രേറ്റർമാർ/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
9) ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, (എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും/സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും)
10) ചെയർമാൻ/സെക്രട്ടറി, എല്ലാ സർക്കിൾ സഹകരണ യൂണിയനുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
12) അസിസ്റ്റന്റ് രജിസ്ട്രാർ/വാല്വേഷൻ ആഫീസർ(ജോയിന്റ് രജിസ്ട്രാർ മുഖേന)
13) എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)മാർക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
14) ഈ ആഫീസിലെ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും/ജോയിന്റ് രജിസ്ട്രാർമാർക്കും
15) സ്റ്റോക്ക് ഫയൽ/സ്പെയർ.
16) വെബ്സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)